# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3440 — 09.04.2013 —ൽ - മറുപടിക്ക്

## എൻഡ് ടു എൻഡ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സിവിൽസപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ എൻഡ് ടു എൻഡ് പ്രോഗ്രാം നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ പ്രത്യേക ഫണ്ടോ ഗ്രാന്റോ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്നും ഇതിന്റെ വിനിയോഗമെങ്ങിനെയെന്നും വ്യക്തമാക്കുമോ; | (എ) സിവിൽ സപ്ലൈസ് വകുപ്പിൽ എൻഡ്-ടു-എൻഡ് പ്രോഗ്രാം നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുളള തുകയുടെ 50% കേന്ദ്ര-സർക്കാരിൽ നിന്നും ലഭ്യമാക്കുകയും സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കേണ്ടതുമാണ്. |
| (ബി) ഇതിന്റെ പ്രവർത്തനങ്ങൾക്ക് പുറംകരാർ കൊടുക്കാനുദ്ദേശ്യമുണ്ടോ; | (ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട കരട് പ്രോജക്ട് റിപ്പോർട്ട് വകുപ്പ് തലത്തിൽ തയ്യാറാക്കി വരുന്നതേയുളളൂ. പദ്ധതി നടത്തിപ്പ് എങ്ങനെയെന്നത് സംബന്ധിച്ച വിഷയങ്ങളിൽ അന്തിമതീരുമാനം ആയിട്ടില്ല. |
| (സി) പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ എന്തെങ്കിലും വ്യവസ്ഥകളോ നിർദ്ദേശങ്ങളോ നൽകിയിട്ടുണ്ടോ എങ്കിൽ വിശദീകരിക്കാമോ? | (സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി ചുവടെ പറഞ്ഞിട്ടുളള നാല് ഘട്ടങ്ങളായി തിരിച്ച് നടപ്പാക്കുന്നതിനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുളളത്.<br>1. റേഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുളള വിതരണ ശൃംഖല സമ്പൂർണ്ണ കമ്പ്യൂട്ടർവൽകക്കരിക്കുക.<br>3. യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻകടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുളള സംവിധാനം തയ്യാറാക്കുക.<br>4. ഗുണഭോക്താക്കൾക്ക് സുതാര്യമായ പരാതി പരിഹാര സംവിധാനം ഒരുക്കുക. |

സെക്ഷൻ ഓഫീസർ